# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2441      09.03.2018 -ലെ മറുപടിക്ക്.

## കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ചോദ്യം      മറുപടി

**ശ്രീ.എസ്.ശർമ്മ :**      **ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് ജോലി ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ പദ്ധതി സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ? | ഉപകരണവായ്പ ലഭ്യമാക്കുന്നതിനുള്ള നിബന്ധനകൾ താഴെ പറയും പ്രകാരമായിരുന്നു.<br>1. ക്ഷേമനിധി ബോർഡിൽ 3 വർഷത്തെ സജീവ അംഗത്വം ഉണ്ടായിരിക്കണം.<br>2. അപേക്ഷ സമർപ്പിക്കുമ്പോൾ 55 വയസ്സ് പൂർത്തിയായിരിക്കരുത്.<br>3. വായ്പ തുക പരമാവധി 10,000/- രൂപയാണ്.<br>4. ഐഡന്റിറ്റി കാർഡിൽ രേഖപ്പെട്ടുത്തിയിരിക്കുന്ന തൊഴിലിനോടനുബന്ധിച്ചുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായിരിക്കും വായ്പ അനുവദിക്കുന്നത്.<br>5. അപേക്ഷ ഫോറത്തിന്റെ വില 2 രൂപ<br>6. അപേക്ഷകന് '6' മാസത്തിനുമേൽ വരിസംഖ്യ കുടിശ്ശിക ഉണ്ടായിരിക്കരുത്.<br><br>ഫോറം നമ്പർ 39 ലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം ഐ.ഡി. കാർഡ്, പാസ്ബുക്ക് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, വാങ്ങാനുദ്ദേശിക്കുന്ന ഉപകരണത്തിന്റെ ഇൻവോയ്സ്, ജാമ്യത്തിനായി 6 വർഷമോ അതിൽ കൂടുതലോ സർവ്വീസ് ബാക്കിയുള്ള സർക്കാർ/അർദ്ധ സർക്കാർ സ്ഥാപന ങ്ങളിലെ സ്ഥിര ജീവനക്കാരുടെ ശമ്പള സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. |

| | |
|---|---|
| | ഉപകരണവായ്പ കൈപ്പറ്റിയ അംഗ തൊഴിലാളികളുടെ വായ്പ തിരിച്ചടവിൽ കൃത്യതയില്ലാത്തതിനാലും അവരുടെ അക്കൗണ്ട് വിവരങ്ങൾ വ്യക്തമല്ലാത്തതിനാലും ബോർഡിന്റെ നിലവിലെ സാമ്പത്തിക പരിമിതികൾ കണക്കിലെടുത്തും ഈ പദ്ധതി നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ